മുനിസിപ്പാലിറ്റികളിലെ പൊതുജനാരോഗ്യ സംരക്ഷണ പദ്ധതികൾ

* 251 [906] സർവ്വശ്രീ. സി. ഗോവിന്ദപ്പണിക്കർ:
സി. ബി. ചന്ദ്രശേഖര വാര്യർ:
എസ്. ദാമോദരൻ:
വി. എസ്. അച്യുതാനന്ദൻ:
പി. കെ. കുഞ്ഞച്ചൻ:
ടി. എം. മീതിയൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്കു മരാമത്തുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ മുനിസിപ്പാലിറ്റികളിലുള്ള പൊതുജനാരോഗ്യ സംരക്ഷണപദ്ധതികൾ അപര്യാപ്തമാണെന്നുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ശുദ്ധജലവിതരണം, മലമൂത്രാദികൾ നീക്കംചെയ്യുക എന്നീ അടിയന്തിരകാര്യങ്ങളിലെങ്കിലും ശ്രദ്ധ പതിപ്പിക്കുമോ;

(സി) ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ മലമൂത്രാദികൾ നീക്കം ചെയ്യുന്നതിനും മറ്റുമായി നിർമ്മിച്ച പ്ലാൻറിൻെറ തകരാറു നിമിത്തം ആര്യാട്, കാട്ടൂർ, പാതിരപ്പള്ളി എന്നീ സ്ഥലങ്ങളിലെ പതിനായിരക്കണക്കിനു ജനങ്ങൾ അനുഭവിക്കുന്ന ക്ലേശങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ?

മരാമത്തുമന്ത്രി (ശ്രീ. ടി. കെ. ദിവാകരൻ): (എ) സംസ്ഥാനത്തെ വിവിധ മുനിസിപ്പാലിറ്റികളിൽ ഇപ്പോൾ നിലവിലുള്ള പൊതുജനാരോഗ്യ പദ്ധതികൾ കൂടുതൽ മെച്ചപ്പെടുത്താവുന്നതാണെന്നു ഗവൺമെൻറു കരുതുന്നുണ്ട്.

(ബി) തിരുവനന്തപുരം, കൊല്ലം, കോട്ടയം, ആലപ്പുഴ. കൊച്ചി, തൃശ്ശൂർ, ആലുവാ, പാലക്കാട്, കോഴിക്കോട് എന്നീ നഗരങ്ങളിൽ ഇപ്പോൾതന്നെ ശുദ്ധജലവിതരണ പദ്ധതികൾ നിലവിലുണ്ട്. കൂടാതെ, പാലാ, കായംകുളം, പെരുമ്പാവൂർ, ചേർത്തല, വടകര, വൈക്കം, കണ്ണൂർ, തലശ്ശേരി എന്നീ പട്ടണങ്ങളിൽ ശുദ്ധജല വിതരണ പദ്ധതികൾക്കുള്ള പ്രവർത്തനങ്ങൾ പുരോഗമനത്തിലാണ്. മലമൂത്രാദികൾ നീക്കംചെയ്യുന്നതിനുള്ള ഏർപ്പാടുകൾ എല്ലാ മുനിസിപ്പാലിറ്റികളിലുമുണ്ട്.

(സി, ഡി) ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ, മലമൂത്രാദികൾ നീക്കം ചെയ്യുന്നതിനും മറ്റുമായി നിർമ്മിച്ചിട്ടുള്ള പ്ലാൻറിന് തകരാറു സംഭവിച്ചിട്ടുള്ളതായി വിവരം കിട്ടിയിട്ടുണ്ട്. പ്രസ്തുത പ്ലാൻറ് പബ്ലിക്ക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറിൽനിന്നും മുനിസിപ്പാലിറ്റിക്കു കൈമാറ്റം ചെയ്തിട്ടില്ലാത്തതിനാൽ അതിൻെറ തകരാറുകൾ പരിഹരിക്കുന്നതിനായി പ്രസ്തുത വകുപ്പിന് എഴുതിയിട്ടുണ്ട്. തകരാറു പരിഹരിക്കപ്പെട്ടതിനുശേഷമേ മുനിസിപ്പാലിറ്റിക്ക് ഏറെടുക്കാൻ കഴിയുകയുള്ളൂ.

ശ്രീ. എസ്. ദാമോദരൻ: ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ മലമൂത്രാദികൾ നീക്കം ചെയ്യുന്നതിന് കാട്ടൂർ സ്ഥാപിച്ചിട്ടുള്ള മലം ഡിപ്പോ

LIBRARY ARCHIVES Kerala Legislative Assembly

യുടെ പ്രവർത്തനം വളരെ തകരാറിലായതുകൊണ്ട്, കുടിക്കുന്നതിനും കുളിക്കുന്നതിനും ശുദ്ധജലം കിട്ടാതെ വിഷമിക്കുന്ന നാട്ടുകാർക്കു താൽക്കാലികമായി അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾക്കു അടിയന്തിര പരിഹാരം കാണാൻവേണ്ട നടപടിയെടുക്കുകയും, ഈ പ്രശ്നം സ്ഥായിയായി പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുമോ ?

ശ്രീ. ടി. കെ. ദിവാകരൻ: അവിടെ സ്ഥാപിച്ചിരിക്കുന്ന ഡൈജസ്റ്റർ പ്ലാന്റ് തകരാറിലാണ്. തകരാറു പരിഹരിക്കേണ്ട ചുമതല പബ്ലിക്ക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിനാണ്. സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യപ്പെടുന്ന പ്രവൃത്തിയാകയാൽ, പ്ലാന്റു നൽകിയിട്ടുള്ള കമ്പനിക്കാരുടെ സഹായം ആവശ്യമായതുകൊണ്ടാണ് കാലതാമസം ഉണ്ടാകുന്നത്. ആ കാലതാമസംമൂലം ആ പ്രദേശത്തെ ജനങ്ങൾക്കു ബുദ്ധിമുട്ടുണ്ടെന്നുള്ള കാര്യം ഗവൺമെന്റ് മനസ്സിലാക്കുന്നുണ്ട്.

ശ്രീ. എസ്. ദാമോദരൻ: വർഷങ്ങളായി ഈ പ്ലാന്റു തകരാറിലാണെന്നു നിവേദനം നടത്തിയിട്ടും ഇതുവരെ പരിഹാരമുണ്ടാകാത്തത് ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള തർക്കം മൂലമാണെന്നു പറയുന്നതു ശരിയാണോ; അതിനു പരിഹാരമുണ്ടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. ദിവാകരൻ: ഡിപ്പാർട്ടുമെന്റുകൾ തമ്മിൽ തർക്കമില്ല. പബ്ലിക്ക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റാണ് ഡൈജസ്റ്റർ പ്ലാന്റു മെയിൻറനൻസു നടത്തിവരുന്നത്. അതിന്റെ തകരാറു തീർക്കാതെ മുനിസിപ്പാലിറ്റി ഏറ്റെടുക്കുകയില്ലെന്നാണ് പറയുന്നത്. പ്ലാന്റിന്റെ തകരാറു പരിഹരിച്ചതിനുശേഷം മുനിസിപ്പാലിറ്റിയെ ഏല്പിക്കണമെന്നാണ് പറയുന്നത്. ഈ കാര്യത്തിൽ പബ്ലിക്ക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റു ഊർജ്ജിതമായ നടപടി എടുക്കുമെന്നു ഗവൺമെന്റു കരുതുന്നു.

ശ്രീ. ടി. എം. മീതിയൻ: മുനിസിപ്പാലിറ്റിയുടെ ശുദ്ധജലവിതരണ പ്രവർത്തനം മൂവാറ്റുപുഴ ഇല്ലാത്തതുനിമിത്തം വിഷമിക്കുന്ന മൂവാറ്റുപുഴയിലെ ജനങ്ങളും മുനിസിപ്പാലിറ്റിയും നിവേദനങ്ങൾ സമർപ്പിച്ചിട്ട് ഗവൺമെന്റു വേണ്ടത്ര ജാഗ്രത കാണിച്ചിട്ടില്ല. ഇനിയെങ്കിലും ഈ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. ദിവാകരൻ: ശുദ്ധജല വിതരണ പദ്ധതിയും, മറ്റു പദ്ധതികളുടെ കാര്യത്തിലെന്നപോലെ ഗവൺമെന്റിന്റെ സാമ്പത്തിക നിലയെ ആശ്രയിച്ചു നടത്തേണ്ടതാണ്. ഇന്നു നടപ്പാക്കിയിട്ടുള്ള ചില പദ്ധതികൾതന്നെ മുമ്പോട്ടു കൊണ്ടുപോകാൻ ഗവൺമെന്റിന്റെ സാമ്പത്തികനില അനുകൂലമല്ല. അതുനിമിത്തം പല പ്രവർത്തനങ്ങളും ഇന്നു മന്ദീഭവിച്ചിട്ടുണ്ട്. പുതുതായി പട്ടണങ്ങളിലേക്ക് ഈ പദ്ധതി നടപ്പാക്കുന്നതിനു മുൻപായി തുടങ്ങിവച്ചവ പൂർത്തിയാക്കുക എന്ന നയമാണ് ഗവൺമെന്റിനുള്ളത്.

ശ്രീ. എ. വി. ആര്യൻ: തൃശ്ശൂർ ജില്ലാ ഹെഡ് കാർട്ടേഴ്സ് ആശുപത്രിയിൽ മലിനജലം പോകുന്നതിനുള്ള സൗകര്യമില്ലാത്തതുകൊണ്ട് ആശുപത്രിയിൽ കിടക്കുന്ന രോഗികൾക്കു കൂടുതൽ രോഗം പിടിപെടുന്ന സാഹചര്യമാണുള്ളതെന്നു പല പ്രാവശ്യം ഡാക്ടർ റിപ്പോർട്ടു ചെയ്തിട്ടും, പബ്ലിക്ക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റും

LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റിയും തമ്മിലുള്ള തർക്കത്തിന്റെ ഫലമായി മലിനജലം കെട്ടിനിന്നുണ്ടാകുന്ന നാറ്റം മാറ്റാനെങ്കിലും നടപടിയെടുക്കുമോ ?

ശ്രീ. ടി. കെ. ദിവാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഈ കാര്യത്തിൽ ഡിപ്പാർട്ടുമെൻറുകൊണ്ടു ചെയ്യാവുന്നതെന്താണെന്നു പരിശോധിക്കാം.

ശ്രീ. കെ. കരുണാകരൻ: മുനിസിപ്പാലിറ്റികളിൽ മലം, ബക്കറ്റുകളിലാക്കി കൈവണ്ടിയിൽ കൊണ്ടുപോകുന്ന ഏർപ്പാട് നിറുത്തലാക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; വീടുകളിൽ വന്നു തൊഴിലാളികൾ മലം എടുത്തുകൊണ്ടുപോകുന്ന ഏർപ്പാടു നിറുത്തലാക്കാൻ ഒട്ടും വൈകാതെ എന്തെങ്കിലും നടപടിയെടുക്കുമോ ?

ശ്രീ. ടി. കെ. ദിവാകരൻ: ശുചീകരണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ അതു കൈയിലോ തലയിലോ കൊണ്ടുപോകരുതെന്നുള്ള ഉദ്ദേശത്തോടുകൂടി ആ ഏർപ്പാടു ഇല്ലായ്മ ചെയ്യാൻ, ഉന്തിക്കൊണ്ടുപോകാവുന്ന വണ്ടികൾ വാങ്ങാൻ മുനിസിപ്പാലിറ്റികൾക്കു ഗവൺമെൻറു ഉദാരമായ ധനസഹായം ചെയ്യുന്നുണ്ട്. മിക്കവാറും എല്ലാ മുനിസിപ്പാലിറ്റികളും ഉന്തുവണ്ടികൾ വാങ്ങിയിട്ടുണ്ടെന്നാണ് ഗവൺമെൻറു മനസ്സിലാക്കുന്നത്.

ശ്രീ. കെ. കരുണാകരൻ: മലം എടുത്തുകൊണ്ടുപോകുന്ന പതിവു നിറുത്തലാക്കാൻ പുതുതായി നിർമ്മിക്കുന്ന വീടുകളിൽ സെപ്റ്റിക്കു കക്കൂസ്സുകൾ നിർമ്മിക്കണമെന്നു നിർബ്ബന്ധിക്കരുതോ ?

ശ്രീ. ടി. കെ. ദിവാകരൻ: പുതുതായി കെട്ടുന്ന കെട്ടിടങ്ങളിൽ സെപ്റ്റിക്കു കക്കൂസ്സുകൾ ഉണ്ടാക്കാൻ, തൊഴിലാളികളുടെ സേവനം ആവശ്യമില്ലാത്തവിധം ബിൽഡിംഗ്സ് റൂൾസ് മുഖേന നിർബ്ബന്ധം ചെലുത്തുന്നുണ്ട്.

ശ്രീ. കെ. എം. ജോർജ്ജ്: മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയിൽ ശുദ്ധജല വിതരണ പ്രവർത്തനം ആരംഭിക്കാത്തതു സാമ്പത്തികവിഷമം മൂലമാണെന്നു പറഞ്ഞു. നാലുകൊല്ലം മുൻപ് 1965 മുതൽ അവിടെ ശുദ്ധജലവിതരണത്തിനു മുനിസിപ്പാലിറ്റിയുടെ വിഹിതം വേണമെങ്കിൽ കെട്ടിവയ്ക്കാമെന്നു നിവേദനം നടത്തിയിട്ടുള്ളതാണ്. മൂന്നു പുഴകളുണ്ടെങ്കിലും വേനൽക്കാലത്തു മരുന്നു കൂട്ടുന്നതിനുപോലും വെള്ളം കിട്ടാതെ വിഷമിക്കുന്ന മൂവാറ്റുപുഴയ്ക്കു മുൻഗണന നൽകി ഈ പദ്ധതി നടപ്പാക്കാൻ നടപടി എടുക്കുമോ ?

ശ്രീ. ടി. കെ. ദിവാകരൻ: ബഹുമാനപ്പെട്ട മെമ്പർ പ്രകടിപ്പിച്ച വികാരം പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിന്റെ ശ്രദ്ധയിൽ പെടുത്തുന്നതാണ്.

ശ്രീ. ഒ. കോരൻ: കോഴിക്കോട്ടു കോർപ്പറേഷൻ സമ്മേളനത്തിൽവച്ച്, മലം തലയിൽ ചുമന്നുകൊണ്ടുപോകുന്ന ഏർപ്പാട് നിറുത്തലാക്കണമെന്നു തീരുമാനം എടുത്തിട്ടുള്ളതറിയാമോ ?

ശ്രീ. ടി. കെ. ദിവാകരൻ: മലം തലയിൽ ചുമന്നുകൊണ്ടുപോകുന്ന ഏർപ്പാട് നമ്മുടെ സംസ്ഥാനത്ത് ഒരു മുനിസിപ്പാലിറ്റിയിലും നിലവിലില്ല. എന്നാൽ എല്ലാ വീടുകളിലും ട്രോളി കൊണ്ടുപോകാൻ സാധിക്കാതെ വരുമ്പോൾ, റോഡുവക്കിൽ ട്രോളി നിറുത്തിയിട്ട് വീടുകളിൽനിന്ന് തൊട്ടിയിൽ മലം എടുത്തുകൊണ്ടു പോകേണ്ടതായിട്ടു വരും.

LIBRARY ARCHIVES Kerala Legislative Assembly

ട്രോളി വീടുകൾക്കുള്ളിൽ കൊണ്ടുപോകാൻ പ്രയാസമായിരിക്കും. എല്ലാ മുനിസിപ്പാലിറ്റികൾക്കും ട്രോളി നൽകിയിട്ടുണ്ട്.

ശ്രീ. പി. ഗംഗാധരൻ: മുനിസിപ്പൽ അതിർത്തിയിലും കോർപ്പറേഷൻ അതിർത്തിയിലും മലംഡിപ്പോ സ്ഥാപിച്ചിരിക്കുന്നതുമൂലം വളരെയധികം തിരക്കുള്ള മട്ടാഞ്ചേരിയിൽ, ഡിപ്പോയ്ക്കു ചുറ്റുപാടും താമസിക്കുന്നവർക്കു വളരെയധികം വിഷമം നേരിടുന്നുണ്ട്. കുടിക്കാൻ ശുദ്ധ ജലം കിട്ടാത്ത ആ പ്രദേശത്ത് മലംഡിപ്പോ സ്ഥാപിച്ചിരിക്കുന്നതുമൂലം ജലം കൂടുതൽ മലിനമായിത്തീരുകയാണു ചെയ്യുന്നത്. മലംഡിപ്പോ മാറ്റി സ്ഥാപിക്കണമെന്നു വളരെക്കാലമായി നിവേദനം നടത്തിയിട്ടും പരിഹാരമുണ്ടായിട്ടില്ല. ഈ കാര്യം അടിയന്തിരമായി പരിഗണിച്ചു വേണ്ടതു ചെയ്യുമോ?

ശ്രീ. ടി. കെ. ദിവാകരൻ: ഡിപ്പോ മാറ്റുക എന്നു പറഞ്ഞാൽ മറെറവിടെയെങ്കിലും സ്ഥാപിക്കുകയാണു വേണ്ടത്. ഒരു വ്യവസായശാല സ്ഥാപിക്കുന്നതിനെ ആളുകൾ സ്വാഗതം ചെയ്യുന്നതുപോലെ, ഒരു പ്രദേശത്തും ആരും മലംഡിപ്പോ സ്ഥാപിക്കാൻ സമ്മതിച്ചെന്നു വരികയില്ല. ഇന്നുള്ള ബുദ്ധിമുട്ടു പരിഹരിക്കാൻ മറ്റുവിധത്തിൽ പരിശ്രമിക്കുകയാണു വേണ്ടത്. മട്ടാഞ്ചേരി മലംഡിപ്പോമൂലം പരിസരത്തുള്ള ജനങ്ങൾക്കുണ്ടാകുന്ന വൈഷമ്യം പരിഹരിക്കേണ്ടത് കോർപ്പറേഷനാണ്. കോർപ്പറേഷൻ ഊർജ്ജിത നടപടിയെടുക്കാൻ ഗവൺമെൻറു വേണ്ടതു ചെയ്യുന്നതാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: നൈറുസോയിൽ ഡിപ്പോ സ്ഥാപിച്ചിരിക്കുന്നതു അധികവും തീരപ്രദേശങ്ങളിലാണ്. മണൽ കൂടുതലുള്ള പ്രദേശമായതുകൊണ്ടായിരിക്കും, അതു പരാജയത്തിലാണു കാണുന്നത്. ഡ്രെയിനേജ് സ്കീം നടപ്പാക്കിയാൽ ഇതിനു പരിഹാരം ഉണ്ടാവുകയില്ലേ?

ശ്രീ. ടി. കെ. ദിവാകരൻ: ഡ്രെയിനേജ് സ്കീം നടപ്പാക്കാൻ നേരത്തെ പറഞ്ഞ സാമ്പത്തിക വൈഷമ്യമുണ്ട്. നാലാം പഞ്ചവൽസരപദ്ധതിയിൽ ഡ്രെയിനേജിനു കൂടുതൽ പണം കൊള്ളിച്ചിട്ടില്ല. പ്രാരംഭസേർവ്വെ പൂർത്തിയായി കഴിഞ്ഞിട്ടുള്ള പദ്ധതികൾക്കു മുൻഗണന നൽകണമെന്നു പ്ലാനിംഗ് ബോർഡിൻെറ ശ്രദ്ധയിൽ പെടുത്തുന്നതാണ്.

ശ്രീ. എസ്. ദാമോദരൻ: ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ശുദ്ധ ജലവിതരണം ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണെന്നും തന്നിമിത്തം പൊതുജനങ്ങൾ വളരെ കഷ്ടപ്പെടുകയാണെന്നും ഉള്ളതിനുപുറമേ ആലപ്പുഴ ഡിസ്ട്രിക്റ്റു ഹോസ്പിറ്റലിലും വിമൺ ആൻറ് ചിൽഡ്രൻസ് ഹോസ്പിറ്റലിലും ഉള്ള രോഗികൾക്കു മലമൂത്ര വിസർജ്ജനശേഷമുള്ള ആവശ്യത്തിനുപോലും വെള്ളം ലഭിക്കുന്നില്ല എന്നും അതുമൂലം രോഗം വർദ്ധിക്കുന്നതിനാണ് സാഹചര്യം ഉള്ളതെന്നും ഉള്ള കാര്യം പരിഗണിച്ച് ആ സ്ഥിതി ഒഴിവാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. ദിവാകരൻ: വാട്ടർ സപ്ലൈയുടെ ചുമതല പൊതുജനാരോഗ്യ വകുപ്പിൻെറ കീഴിലാണ്. പൊതുജനാരോഗ്യ വകുപ്പിൻെറ ശ്രദ്ധയിൽ ഈ മാതിരി കാര്യങ്ങൾ കൊണ്ടുവരുന്നതിനു മുനിസിപ്പാലിറ്റികൾ ശ്രമിക്കുന്നുണ്ട്.

ശ്രീ. കെ. സി. വാമദേവൻ: നൈറുസോയിൽ റിമൂവു ചെയ്യുന്ന സ്ക്കാവഞ്ചേഴ്സിനെ പാടെ ഇല്ലാതാക്കുന്നതിന് ഇ.എസ്.ഐ. ടൈപ്പ്

LIBRARY ARCHIVES Kerala Legislative Assembly

ഓഫ് ലാട്രീൻസ് സാർവ്വത്രികമാക്കുന്നതു നന്നായിരിക്കും. കേരളത്തിലെ ഭൂമിശാസ്ത്രപരമായ കിടപ്പുകൊണ്ടും ഡ്രെയിനേജിനു ആവശ്യമായ സാമ്പത്തികസ്ഥിതിയില്ലാത്തതുകൊണ്ടും ഈ മാതിരി ലാട്രീൻസ് സാർവ്വത്രികമാക്കുവാൻ ഒരു സ്കീം തയാറാക്കുമോ ?

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോഴതന്നെ അങ്ങനെയൊരു സ്കീം ഉണ്ട്. ഇതിലേയ്ക്കു തുക വകയിരുത്തിയിട്ടുണ്ട്. പക്ഷേ കേരളത്തിലെ എല്ലാ കാർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും അതിന്റെ വിഹിതം വീതിച്ചു കൊടുക്കുന്ന അവസരത്തിൽ ആവശ്യവുമായി അതു തീരെ പൊരുത്തപ്പെട്ടുപോകുന്നില്ല എന്നുള്ളതാണ് സ്ഥിതി. കൂടുതൽ തുക ആ ഇനങ്ങളിൽ വകയിരുത്തുവാൻ ഗവൺമെന്റു ശ്രമിക്കുന്നതാണ്. അതോടൊപ്പം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രാഥമികമായ ഈ ആവശ്യം നിറവേറ്റുന്നതിൽ ഈ കാര്യത്തിനു മുൻഗണന നൽകുന്നതു സഹായകരമായിരിക്കും. ഈ കാര്യത്തിൽ കുറെക്കൂടി മുൻഗണന നൽകി കൊണ്ടു കുറെക്കൂടി തുക വകയിരുത്തിക്കൊണ്ടു പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളും മുന്നോട്ടു വരണം.

ശ്രീ. ആർ. കൃഷ്ണൻ (പാലക്കാട്): കേരളത്തിലെ പല മുനിസിപ്പാലിറ്റികളിലും ഹെൽത്ത് ആഫീസർ ഇല്ലാത്തതുകൊണ്ടു പൊതുജനാരോഗ്യം തകരാറിലാണെന്നുള്ള കാര്യം കണക്കിലെടുത്തുകൊണ്ടു മുനിസിപ്പാലിറ്റികളിൽ ഹെൽത്ത് ആഫീസറൻമാരുടെ കുറവുള്ളതു പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോഴത്തെ നിയമപ്രകാരം മുനിസിപ്പാലിറ്റികളിൽ ഹെൽത്ത് ആഫീസറൻമാരെ നിയമിക്കേണ്ടതു പൊതുജനാരോഗ്യ വകുപ്പാണ്. പൊതുജനാരോഗ്യ വകുപ്പിന്റെ ഭാഗമായിട്ടാണ് ഹെൽത്ത് ആഫീസറൻമാരെ ഉൾക്കൊള്ളിച്ചിരിക്കുന്നത്. മുനിസിപ്പാലിറ്റികളിൽ ഹെൽത്ത് ആഫീസറൻമാരുടെ പ്രയാസം പലപ്പോഴും ഉണ്ടാകുന്നുണ്ട്. മുനിസിപ്പാലിറ്റിയിൽ സേവനം അനുഷ്ഠിക്കുവാൻ വിസമ്മതം അവർക്കുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അതുമാത്രവുമല്ല, ഡി.പി.എച്ച്. ഡിപ്ലോമാ ഉള്ള ആളുകളെമാത്രമേ നിയമിക്കുവാൻ സാധിക്കുകയുള്ളു. അതുകൊണ്ടും ഡിപ്പാർട്ടുമെന്റിനു പ്രയാസം ഉണ്ട്. റിട്ടയേർഡ് ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്ന കാര്യവും കപ്പാളിഫിക്കേഷനിൽ അയവു വരുത്തുന്ന കാര്യവും ഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

ശ്രീ. പി. എം. അബൂബേക്കർ: കോഴിക്കോടു ചെറുവണ്ണൂർ താലൂക്കിലുള്ള Nightsoil Treatment Plant-ന്റെ നിർമ്മാണം ഏതു ഘട്ടത്തിൽ ഇരിക്കുകയാണ് ?

ശ്രീ. ടി. കെ. ദിവാകരൻ: നോട്ടീസ് വേണം.

ശ്രീ. ടി. എം. മീതിയൻ: മുനിസിപ്പാലിറ്റികളിൽ ശുചീകരണ പ്രവർത്തനങ്ങളും മറ്റു ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളും തൃപ്തികരമായി നടത്തണമെങ്കിൽ ആ വിഭാഗം ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങളും അംഗീകരിച്ചുകൊണ്ടു സംതൃപ്തരാക്കിയെങ്കിൽ മാത്രമേ സാധിക്കുകയുള്ളു എന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ? അവിടെ ഒരു സമരം കൂടാതിരിക്കുവാനും അവരെ സംതൃപ്തരാക്കാനും നടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. ദിവാകരൻ: അതു മുനിസിപ്പാലിറ്റികളെ സംബന്ധിച്ചു മാത്രമല്ല. സേവനത്തിലിരിക്കുന്ന ആളുകൾക്ക് അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

സേവന വ്യവസ്ഥകളും തൃപ്തികരമാണെങ്കിൽ മാത്രമേ അവരിൽനിന്നും ആശിക്കുന്ന രീതിയിലുള്ള സേവനം കിട്ടുകയുള്ളു. കോഴിക്കോട്ടിനെ സംബന്ധിച്ചിടത്തോളം അവിടത്തെ യൂണിയനുമായി കൂടിയാലോചിച്ചിട്ടുള്ളതിന്റെ ഫലമായിട്ടുള്ളതാണ് അവിടത്തെ സേവന വ്യവസ്ഥകളും. ഇനി ഒരു ഉത്തരവിന്റെ പ്രശ്നമുണ്ട്. ആ പ്രശ്നം പരിഹരിച്ചുകൊണ്ട് ഗവൺമെന്റു ഈ ആഴ്ചയിൽ ഒരു ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റു മുനിസിപ്പാലിറ്റികളെ സംബന്ധിച്ചിടത്തോളം പൊതുവായ പ്രശ്നങ്ങളും ഒന്നുമില്ല.

പഞ്ചായത്തു ജീവനക്കാരുടെ ആവശ്യങ്ങൾ

* 252 [907] ശ്രീ. എൻ. കെ. ശേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യ വികസനവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തു ജീവനക്കാർ അടുത്ത കാലത്ത് സർക്കാരിലേക്ക് അവരുടെ അടിയന്തിരാവശ്യങ്ങളെ പുരസ്ക്കരിച്ച് വല്ല മെമ്മോറാണ്ഡവും തന്നിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ ഉള്ളടക്കം എന്ത്;

(സി) ഗവൺമെന്റ് അതിൻമേൽ എന്തു നടപടി എടുത്തു?

വിദ്യാഭ്യാസ മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ):

(എ) ഉണ്ട്.

(ബി) പല തരത്തിലുള്ള 25 ആവശ്യങ്ങളും ഉന്നയിച്ചിട്ടുണ്ട്. പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്. †

(സി) ആവശ്യങ്ങളിൽ പ്രധാനമായതു പഞ്ചായത്തു ജീവനക്കാർക്കു പെൻഷൻ ആനുകൂല്യം ലഭിക്കുന്ന കെ. എസ്. ആർ. ബാധകമാക്കുന്നതിനും സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ച പ്രകാരം ഒന്നോ രണ്ടോ പേരെ പരിച്ചുവിട്ടവരെ തുടരാനുള്ള ഉത്തരവു പുറപ്പെടുവിക്കാനുമാണ്. ആകെയുള്ള കാര്യങ്ങളും ഗവൺമെൻറിന്റെ ശ്രദ്ധയിൽ ഇരിക്കുകയാണ്.

ശ്രീ. എൻ. കെ. ശേഷൻ: സാമ്പത്തിക ബാദ്ധ്യത ഇല്ലാത്ത ഏതാനും ചില ആവശ്യങ്ങൾകൂടി ഈ പട്ടികയിൽ പറഞ്ഞിട്ടുണ്ട്. ആ ആവശ്യങ്ങളെ സംബന്ധിച്ചു അടിയന്തിരമായ നടപടി എടുക്കുന്നതിനു ഉത്തരവു പുറപ്പെടുവിക്കുവാൻ ഗവൺമെൻറു തയാറാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: സാമ്പത്തിക കഴിവിനു ആ വക കാര്യങ്ങളും ആലോചിക്കുവാൻ ഗവൺമെൻറു സന്നദ്ധമാണ്. ഒന്നു രണ്ടു സമ്മേളനങ്ങളും ഇതു സംബന്ധിച്ചു നടന്നു കഴിഞ്ഞു.

ഈ വരുന്ന 14-ാം തീയതി മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഈ സംഘടനയുമായി കൂടിയാലോചന നടത്തുന്നുണ്ട്.

ശ്രീ. വി. വി. കുഞ്ഞമ്പു: ആയിരക്കണക്കിനു പഞ്ചായത്തു ജീവനക്കാർ ഈ കഴിഞ്ഞ ഒക്ടോബർ 4-ാം തീയതി പഞ്ചായത്തു ഡയറക്ടറാഫീസിനുമുമ്പിൽ ഒരു സൂചനാ സത്യാഗ്രഹം നടത്തിയതായും ഒരു മെമ്മോറാണ്ഡം സമർപ്പിച്ചിട്ടുള്ളതായും അറിയാമോ; മെമ്മോറാണ്ഡത്തിൽ പറഞ്ഞിട്ടുള്ള ആവശ്യങ്ങളും ദയാപൂർവ്വം പരിഗണിക്കുമോ?

† Placed in the Library

LIBRARY ARCHIVES Kerala Legislative Assembly